**തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (കുടുംബക്ഷേമം) നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം-ശ്രീമതി.സുമ.പി - ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1- പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്ക് താത്ക്കാലിക സ്ഥാനക്കയറ്റം അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.ഉത്തരവ് നമ്പർ.ഇ.എസ്5/32284/2017 ആ.വ.ഡ തീയതി 06/12/20218
2.ഉത്തരവ് നമ്പർ ഇ.സി6/8118/2023 ആ.വ.ഡ തീയതി 06/01/2025
3.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ,എറണാകുളത്തു നിന്നും 09/11/2025 നു ലഭ്യമായ നിയമോപദേശം

**ഉത്തരവ് നം:DHS/14253/2024-FWA5 തീയതി:** 18-11-2025

---

പരാമർശം (1) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ റാങ്ക് നം.1968 ആയി രേഖപ്പെടുത്തിയിരിക്കുന്ന ശ്രീമതി.സുമ.പി-യുടെ പേരിൽ അച്ചടക്ക നടപടികൾ നിലനിന്നിരുന്നതിനാൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1 ൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിൽ നിന്നും ടിയാളെ ഒഴിവാക്കിയിരുന്നു.

പരാമർശം (2) പ്രകാരം ശ്രീമതി.സുമയുടെ പേരിൽ നിലനിന്നിരുന്ന അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് നല്കിയിട്ടുള്ളതാണ്. ശ്രീമതി.സുമ.പി, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്.1ന്റെ അടുത്ത ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിത ഫലത്തോടെ തടയുവാൻ തീരുമാനിച്ചു കൊണ്ടാണ് ടിയാൾക്ക് എതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് നൽകിയിട്ടുള്ളത്.

എന്നാൽ അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിനെതിരെ ശ്രീമതി.സുമ.പി.സമർപ്പിച്ച അപ്പീൽ ബഹു.ആരോഗ്യ വകുപ്പ് ഡയറക്ടർ പരിഗണിക്കുകയും അപ്പീൽ ചട്ടങ്ങൾക്ക് വിധേയമായി അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവ് റദ്ദാക്കുകയും ആയതു പ്രകാരം ശ്രീമതി.സുമ.പി, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്.1നെതിരെ ചട്ടം 15 പ്രകാരം അന്വേഷണം നടത്തി അച്ചടക്ക നടപടി ക്രമങ്ങൾ വകുപ്പിൽ തുടർന്ന് വരികെ,പ്രസ്തുത നടപടിക്കെതിരെ ബഹു .അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നും സ്റ്റേ ആയിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ ശ്രീമതി.സുമ.പി -ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട

നിയമോപദേശം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ആരാഞ്ഞിട്ടുള്ളതും മേൽ പരാമർശം (3) പ്രകാരം ആയതിനു മറുപടി ലഭ്യമായിട്ടുള്ളതുമാണ് .

ടി ജീവനക്കാരിയുടെ പേരിൽ അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുള്ള നടപടി കോടതി സ്റ്റേ ചെയ്തിട്ടുണ്ടെന്നും, ടി സാഹചര്യത്തിൽ സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് മറ്റു തടസ്സങ്ങളൊന്നും നിലവിലില്ലെങ്കിൽ ടിയാൾക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനും വേണ്ടിയാണ് നിയമോപദേശം ലഭ്യമായിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ മടിക്കൈ കുടുംബാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് -1 തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീമതി.സുമ.പി ക്ക് പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്ക് 41300-87000 എന്ന ശമ്പള സ്കെയിലിൽ താത്ക്കാലികമായി സ്ഥാനക്കയറ്റം നൽകി കാസർഗോഡ് ജില്ലയിൽ നിയമനം നൽകി ഉത്തരവാകുന്നു.

കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ പ്രസ്തുത ഉത്തരവ് പാലിച്ചു ടിയാൾക്കു നിയമന ഉത്തരവ് നൽകേണ്ടതും ടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. കൂടാതെ ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസറി ട്രെയിനിംഗ് നടത്തുമ്പോൾ യഥാസമയം തന്നെ ട്രെയിനിംഗിനു ഹാജരാകുന്നതാണെന്നു ജീവനക്കാരിൽ നിന്നു സത്യവാങ്മൂലം എഴുതി വാങ്ങി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി സേവന പുസ്തകത്തിൽ പതിച്ചു ആയതു വ്യക്തമായി രേഖപ്പെടുത്തേണ്ടതും, പകർപ്പ് ഈ ഓഫീസിലേക്ക് അയച്ചു നൽകേണ്ടതുമാണ്.
ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർത്ത് ഡൗൺലോഡ് ചെയ്തു ഉപയോഗിക്കാവുന്നതാണ്. വ്യക്തിഗത പകർപ്പുകൾ അയച്ചു നൽകുന്നതല്ല.

Signed by
Meenakshy V
Date: 18-11-2025 16:13:26

**Dr MEENAKSHY V**
**ADDITIONAL DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-
സ്ഥാപന മേധാവികൾ/ ജീവനക്കാരി (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺ ലോഡ് ചെയ്തു ഉപയോഗിക്കാവുന്നതാണ്. വ്യക്തിഗത പകർപ്പ് അയച്ചു നൽകുന്നതല്ല)

പകർപ്പ്:-

1.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
2.ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കാസർഗോഡ്
3.ഫയൽ/ കരുതൽ ഫയൽ